# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1327 — 04.12.2014 ൽ മറുപടിയ്ക്ക്

### സിവിൽ സപ്ലൈസ് ഔട്ട്-ലെറ്റുകളിലെ വില വർദ്ധന

**ചോദ്യം**

ശ്രീ. ബി.ഡി. ദേവസ്സി

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സപ്ലൈസ് ഔട്ട് ലെറ്റുകളിൽ അരിയുടെയും പലവ്യഞ്ജനങ്ങളുടേയും വില എത്ര പ്രവശ്യം വർദ്ധിപ്പിച്ചുവെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തെ സാധന വിലയും, ഈ സർക്കാരിന്റെ ഭരണകാലത്തെ സാധനവിലയും പ്രത്യേകം ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(എ)യും (ബി)യും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 01.08.2012 ൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ എണ്ണം പുനർ നിർണ്ണയിച്ചു. സപ്ലൈകോ വിൽപ്പന ശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്നു പരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽ നിന്ന് ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വില പുനർ നിർണ്ണയിച്ചതിന്റെ വിവരങ്ങൾ അനുബന്ധം ഒന്നായി ചേർക്കുന്നു.

(സി) 2014 നവംബർ മാസത്തിൽ സപ്ലൈകോ ഔട്ട് ലെറ്റുകളിൽ അവശ്യ സാധനങ്ങൾക്ക് വില കുത്തനെ കൂട്ടാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ ?

(സി) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിൽ ഉണ്ടാകുന്ന അവശ്യ വസ്തുക്കളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുപോലെ സപ്ലൈകോ വാങ്ങൽ വില, കടത്തുകൂലി, കയറ്റിയിറക്ക് കൂലി, അഡ്മിനിസ്ട്രേറ്റീവ് ഉൾപ്പെടെയുള്ള മറ്റു ചെലവുകൾ എന്നിവ മാസം തോറും കൂടികൊണ്ടിരിക്കുകയും, വിൽപ്പന വില കൂട്ടാതിരിക്കുകയും ചെയ്തതു മൂലം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതു കൊണ്ടാണ് സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർ നിർണ്ണയിച്ചത്.

| | |
|---|---|
| (ഡി) ഇതിനായി മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ടോ, ഏത് സമിതിയുടെ തീരുമാന പ്രകാരമാണ് ഈ വിലവർദ്ധനവ് നടപ്പിലാക്കിയിരിക്കുന്നത്; പ്രസ്തുത തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ? | (ഡി) ഉണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി വിലവർദ്ധനവ് ശുപാർശ ചെയ്തിരുന്നു. 06.08.2014 ലെ മന്ത്രിസഭാ യോഗം വില വർദ്ധനവിന് അംഗീകാരം നൽകിയിരുന്നു, ആയതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം രണ്ടായി ചേർക്കുന്നു. |

Beena

സെക്ഷൻ ഓഫീസർ

അനുബന്ധം. 1

നിലവിൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്ന 13 ഇനം ഭക്ഷ്യവസ്തുക്കളുടെ വിലകൾ പുനർനിർണ്ണയം ചെയ്തതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | ~~8-7-2012~~ 1-8-2012 നു മുമ്പ് നിലവിലുണ്ടായിരുന്ന സബ്സിഡി വില | ~~8-7-2012~~ 1-8-2012 ലെ ഉത്തരവു പ്രകാരം പുതുക്കിയ സബ്സിഡി വില | 1-8-2013 മുതൽ പുതുക്കിയ സബ്സിഡി വില | 24-8-2014 മുതൽ പുതുക്കിയ സബ്സിഡി വില | 6-11-2014 മുതൽ പുതുക്കിയ സബ്സിഡി വില | 1-12-2014 മുതൽ പുതുക്കിയ നിലവിലെ സബ്സിഡി വില |
|---|---|---|---|---|---|---|---|
| 1 | ചെറുപയർ | — | 49 | 55 | 55 | 77 | 74 |
| 2 | ഉഴുന്ന് ബോൾ | 36 | 36 | 42 | 42 | 76 | 66 |
| 3 | വൻകടല | 44 | 44 | 45 | 45 | 45 | 43 |
| 4 | വൻപയർ | 26.50 | 26.50 | 35 | 35 | 49 | 45 |
| 5 | തുവരപരിപ്പ് | 34 | 34 | 45 | 45 | 67 | 65 |
| 6 | മുളക് | 45 | 45 | 55 | 75 | 75 | 75 |
| 7 | മല്ലി | 45.90 | 45.90 | 60 | 60 | 112 | 112 |
| 8 | പഞ്ചസാര | 25 | 25 | 26 | 26 | 27.50 | 25 |
| 9 | പച്ചരി | 16 | 16 | 21 | 23 | 23 | 23 |
| 10 | കുറുവ അരി | — | 19 | 21 | 25 | 25 | 25 |
| 11 | മട്ട അരി | 16 | 16 | 21 | 25 | 25 | 25 |
| 12 | ജയ അരി | — | 21 | 21 | 25 | 25 | 25 |
| 13 | വെളിച്ചെണ്ണ | — | 62 | 62 | 125 | 151 | 139 |

Beena

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ്- സപ്ലൈകോ, കൺസ്യൂമർ ഫെഡ് എന്നീ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യുന്ന 13 ഇനം സബ്സിഡി സാധനങ്ങളുടെ വില ഏകീകരിച്ചുകൊണ്ടും, പുതുക്കി നിശ്ചയിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

ഭക്ഷ്യ സിവിൽ സപ്ലൈസ് (സി) വകുപ്പ്

ജി.ഒ.(എം.എസ്.)നം.29/14/ഭ.സി.സ.വ തീയതി,തിരുവനന്തപുരം,8/8/2014.

==========================================================

പരാമർശം:- 1. ജി.ഒ. (എം.എസ്.) നം.32/2013/ഭ.സി.സ.വ. തീയതി, 27/7/2013.
2. സർക്കാർ ഉത്തരവ് (സാധാരണ) 276/2013/ഭ.സി.സ.വ തീയതി 27/8/213
3. സപ്ലൈകോ എം.ഡിയുടെ 24/5/2014-ലെ എം.2/4047/2005 നം. കത്ത്.

## ഉത്തരവ്

വിപണി ഇടപെടൽ പദ്ധതി പ്രകാരം സപ്ലൈകോ, കൺസ്യൂമർഫെഡ് എന്നീ സ്ഥാപനങ്ങളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യപ്പെടുന്ന 13 ഇനം അവശ്യ സാധനങ്ങളുടെ വിലയും വിതരണം ചെയ്യുന്ന അളവും താഴെപ്പറയുന്ന പട്ടിക പ്രകാരം പുതുക്കി നിശ്ചയിച്ച് പരാമർശം 1 പ്രകാരം ഉത്തരവ് ആയിരുന്നു.

| ക്രമ നം. | ഇനം | പുതുക്കി നിശ്ചയിച്ച വില (രൂപ/കി.ഗ്രാം) | കാർഡൊന്നിന് പ്രതിമാസം വിതരണം ചെയ്യുന്ന അളവ് | |
|---|---|---|---|---|
| | | | സപ്ലൈകോ | കൺസ്യൂമർഫെഡ് |
| 1 | മട്ട അരി | 21 | 20 കി.ഗ്രാം | |
| 2. | ജയ അരി | 21 | | |
| 3. | കുറുവ അരി | 21 | | |
| 4. | പച്ചരി | 21 | | |
| 5. | ചെറുപയർ | 55 | 2 | 1 |
| 6 | ഉഴുന്ന് | 42 | 2 | 2 |
| 7. | കടല | 45 | 2 | 2 |
| 8. | വൻ പയർ | 35 | 2 | 1 |
| 9. | തുവരപ്പരിപ്പ് | 45 | 2 | 2 |
| 10. | മുളക് | 55 | 0.5 | 1 |
| 11. | മല്ലി | 60 | 0.5 | 0.5 |
| 12. | പഞ്ചസാര | 26 | 1 | 1 |
| 13. | വെളിച്ചെണ്ണ | 62 | 1 | 1 |

2.പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം സപ്ലൈകോ കാലാകാലങ്ങളായി തുടർന്ന് വരുന്ന 13 ഇന അവശ്യ സാധനങ്ങളുടെ വില മാർക്കറ്റ് വിലയേക്കാൾ 20 ശതമാനം കുറഞ്ഞ വില അല്ലെങ്കിൽ സപ്ലൈകോയുടെ

procurement cost ഇവയിലേതാണോ കുറവ് ആയതായി പുതുക്കി നിശ്ചയിക്കണമെന്ന് ഉത്തരവായിരുന്നു.

3. പൊതുവിപണി വില വളരെയധികം ഉയർന്ന സാഹചര്യത്തിൽ ഭാരിച്ച സബ്സിഡി നൽകുന്നതുമൂലം സപ്ലൈകോ കടുത്ത പ്രതിസന്ധി നേരിടുന്നുവെന്നും ആയതിനാൽ സബ്സിഡി സാധനങ്ങളുടെ വില പുതുക്കി നിശ്ചയിക്കണമെന്നും സപ്ലൈകോ മാനേജിംഗ് ഡയറക്ടർ പരാമർശം 3 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 13 ഇനം അവശ്യസാധനങ്ങളുടെ സബ്സിഡി വില പുതുക്കി നിശ്ചയിക്കണമെന്ന സപ്ലൈകോയുടെ പ്രൊപ്പോസൽ അംഗീകരിച്ചും ഉത്സവകാലത്തേക്ക് സപ്ലൈകോ, കൺസ്യൂമർഫെഡ് എന്നിവ വഴി വിതരണം ചെയ്യുന്ന 13 ഇനം അവശ്യസാധനങ്ങൾക്ക് പൊതുവിപണി വിലയുടെ ചുരുങ്ങിയത് 20 ശതമാനവും സർക്കാരിന് നഷ്ടമുണ്ടാകുന്നില്ലയെങ്കിൽ ഏറിയ പക്ഷം 30 ശതമാനം വരെയും സബ്സിഡി നൽകുവാൻ ഉത്തരവാകുന്നു. സപ്ലൈകോ, കൺസ്യൂമർ ഫെഡ് എന്നീ സ്ഥാപനങ്ങളിൽ ഈ ഉത്സവക്കാലത്ത് വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില ഏകീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

സുമൻ ബില്ല,
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി
(മുകളിലെ ഉത്തരവ് നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്)
മാനേജിംഗ് ഡയറക്ടർ കൺസ്യൂമർഫെഡ്
പൊതുഭരണ (എസ്. സി) വകുപ്പ്
സഹകരണ വകുപ്പ്
അക്കൗണ്ടന്റ് ജനറൽ(എ&ഇ/ഓഡിറ്റ്),കേരള,തിരുവനന്തപുരം
പി.ആർ.ഡി. വെബ് ആന്റ് ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Beena

സെക്ഷൻ ഓഫീസർ

പകർപ്പ് :-
ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

Beena
Section officer